Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

**No. MOSC/CMM/56/2020** **March 12, 2020**

കർത്താവിൽ നമ്മുടെ സഭയിലെ എല്ലാ വൈദീക ശ്രേഷ്ഠർക്കും വാഴ്വ്!

പ്രിയരെ,

'കൊവിഡ് 19' വൈറസ് വ്യാപനത്തിന്റെ സാഹചര്യത്തിൽ പരിശുദ്ധ സഭയൊന്നാകെ കൈക്കൊള്ളേണ്ട മുൻകരുതലുകളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും കൂടുതൽ വ്യക്തത വരുത്തുന്നതിനാണ് നാം ഇത് എഴുതുന്നത്. ഇനി പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് 2020 മാർച്ച് 31 വരെ ഇടവക ശുശ്രൂഷകളും, കൂദാശനുഷ്ഠാനങ്ങളും നിർവ്വഹിക്കുവാൻ നമ്മുടെ വൈദീകരെല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം.

1. അതത് സമയത്ത് ഗവൺമെന്റ് ആരോഗ്യവകുപ്പിലൂടെ നൽകുന്ന മുന്നറിയിപ്പുകൾ ഗൗരവത്തിലെടുത്ത് അതനുസരിച്ച് നമ്മുടെ ഇടവകകളിലെ ശുശ്രൂഷകൾ ക്രമീകരിക്കേണ്ടതാണ്.

2. വൈദികർ ആരോഗ്യസുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ച് ജാഗ്രതയോടെ വി. കുർബ്ബാന അർപ്പിക്കണം. വി. കുർബ്ബാന ജീവനുള്ള ബലിയും അമർത്യതയുടെ ഔഷധവും നിത്യജീവനിലേക്കുള്ള വഴിയാഹാരവും ആകുന്നു വല്ലോ. എങ്കിലും 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ വിശ്വാസികൾ വി. കുർബ്ബാനാനുഭവം പരിമിതപ്പെടുത്തുന്നത് ഉചിതമായിരിക്കും എന്ന് കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മാർഗനിർദേശം പരിഗണിച്ച് അറിയിക്കട്ടെ. ആരാധനയ്ക്ക് വരുന്നവർക്ക് അണുവിമുക്തി നേടി ദേവാലയത്തിൽ പ്രവേശിക്കുവാനുള്ള ക്രമീകരണങ്ങൾ ഇടവകതലത്തിൽ ചെയ്യേണ്ടതാണ്. അതിനായി സാനിറ്റൈസറുകളോ, സോപ്പുപയോഗിച്ച് കൈകഴുകുവാനുള്ള സൗകര്യമോ ക്രമീകരിക്കണം. വി. കുമ്പസാരത്തിനും, ഹൂസോയോയ്ക്കും പട്ടക്കാരനും വിശ്വാസികളും തമ്മിൽ സുരക്ഷിതമായ അകലം പാലിക്കുകയും മാസ്കുകൾ ധരിക്കുകയും ചെയ്യണം; പാപമോചന പ്രാർത്ഥന നടത്തി സ്പർശനം കൂടാതെ റൂശ്മാ ചെയ്താൽ മതിയാകും. വി. കുർബാന നൽകേണ്ടപ്പോൾ പീലാസായിൽ നിന്ന് നൽകുന്നത് അഭികാമ്യമായിരിക്കും. വിശ്വാസികളുടെ അധരങ്ങളിൽ സ്പർശിക്കാത്ത വിധത്തിൽ വി. കുർബാന നൽകുവാൻ വൈദികർ ശ്രദ്ധിക്കണം. ഡിസ്പോസബിൾ ഗ്ലാസുകളിലോ, അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കാവുന്ന സ്റ്റീൽ ടംബ്ലറുകളിലോ വെള്ളം നൽകാവുന്നതാണ്. രോഗലക്ഷണങ്ങൾ ഉള്ളവരോ, രോഗം ബാധിച്ചവരോ ദേവാലയത്തിൽ ആരാധനയ്ക്കായി കടന്നുവരുവാൻ ശ്രമിക്കരുത്.

3. വി. കുർബ്ബാനയ്ക്കോ മറ്റ് ആരാധനകൾക്കോ, കൈകസ്തൂരി നൽകുകയോ, കൈമുത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. ബലിപീഠത്തിലോ, തിരുശേഷിപ്പുകളിലോ, വി. വേദപുസ്തകമുൾപ്പെടെയുള്ള മറ്റു വിശുദ്ധ വസ്തുക്കളിലോ മുത്തുവാൻ പാടുള്ളതല്ല. കൈകസ്തൂരി നൽകുന്നതിന് പകരം പരസ്പരം വണങ്ങുകയും, കൈമുത്തി

(മറുപുറം)

ക്കുന്നതിന് പകരം ആശീർവാദം നൽകുകയും ദേവാലയത്തിലെ വി. വസ്തുക്കളിൽ മുത്തുന്നതിന് പകരം കുനിഞ്ഞ് വണങ്ങുകയും ചെയ്താൽ മതിയാകും.

4. വി.കുർബാനയ്ക്കൊഴികെയുള്ള കൂടിവരവുകൾ ഒഴിവാക്കുകയും കൺവെൻഷനുകളും മറ്റ് ആദ്ധ്യാത്മീക സംഘടനകളുടെ പ്രവർത്തനങ്ങളും നിർത്തിവെക്കുകയും ചെയ്യണം. ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തണം. പൊതുവായ നേർച്ചവിളമ്പുകളോ സ്നേഹവിരുന്നുകളോ നടത്തുവാൻ പാടുള്ളതല്ല.

5. സിവിൽ അധികാരികൾ നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്തപക്ഷം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പുകൾ ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യഥാസമയം നടത്തേണ്ടതാണ്. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ക്രമീകരണങ്ങൾ തടസം കൂടാതെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കണം.

ദേവാലയത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ എല്ലാവരും പള്ളിയിൽ വരുമ്പോൾ കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ഈ ക്രമീകരണങ്ങളോട് ഏവരും സഹകരിച്ച് നമ്മുടെ ദേശത്ത് നിന്ന് ഈ രോഗത്തെ തുടച്ച് നീക്കുവാനുള്ള ഉദ്യമങ്ങളിൽ ഏവരും ഭാഗഭാക്കാവുകയും പ്രാർത്ഥനയാലും ഉപവാസത്താലും ദൈവം നമുക്ക് വിടുതൽ നൽകുന്നതിനായി ദൈവമുമ്പാകെ യാചിക്കുകയും ചെയ്യണം. വസന്തകളും പകർച്ചവ്യാധികളും നീങ്ങിപ്പോകുന്നതിനായി നമ്മുടെ പിതാക്കൻമാർ നടത്തിയ പ്രാർത്ഥനകൾ ദിനംതോറും നടത്തുന്നതിന് ശ്രദ്ധിക്കണമെന്നും നാം ഓർമ്മിപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ



**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**